21953
20/10/17

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശ്രീ.ഒ.വി.മാത്യു, ഒലിക്കൽ വീട്, തൃശ്ശൂർ-ന്റെ നഷ്ടോത്തരവാദിത്വത്തിൽ 16.07.1982, 08.12.1982 എന്നീ തീയതികളിൽ ബേഗൂർ റെയിഞ്ചിൽ നടന്ന പുനർലേലം വഴി സർക്കാരിനുണ്ടായ നഷ്ടം എഴുതിത്തള്ളി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.391/2017/വനം തീയതി, തിരുവനന്തപുരം, 16.10.2017

---

പരാമർശം :- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ നോർത്ത്) കോഴിക്കോടിന്റെ 14.08.2014, 23.12.2014, 10.6.2016, 24.07.2017 തീയതികളിലെ എഫ്-6195/05 നമ്പർ കത്തുകൾ.

**ഉത്തരവ്**

ബേഗൂർ റെയിഞ്ചിൽ വച്ച് 18.03.1982-ന് നടന്ന തടി ലേലത്തിൽ ശ്രീ.ഒ.വി.മാത്യു ഒലിക്കൽ വീട്, തൃശ്ശൂർ എന്നയാൾ 5 ലോട്ട് തേക്ക് കഴകളും വിറകും ലേലത്തിൽ വാങ്ങിയിരുന്നു. ഇതിൽ ലോട്ട് നം.88-ൽ ഒഴികെ ബാക്കിയെല്ലാ ലോട്ടിന്റെയും വിലയും നികുതികളും അടച്ച് ടിയാൻ നീക്കം ചെയ്തിരുന്നു. ബാക്കി വന്ന ലോട്ട് ശ്രീ.ഒ.വി.മാത്യുവിന്റെ നഷ്ടോത്തരവാദിത്വത്തിൽ 16.07.1982-ന് പുനർലേലം നടത്തിയതിൽ സർക്കാരിന് 11,086/- രൂപയുടെ നഷ്ടം സംഭവിക്കുകയുണ്ടായി. 88-ാം ലോട്ടിന്റെ 08.12.1982 ന് നടന്ന പുനർ വിൽപ്പനയിൽ 4930/-രൂപയും അടക്കം സർക്കാരിന് ആകെ 16,016/-രൂപയുടെ നഷ്ടം ഉണ്ടായെന്നും, ഈ തുക നോർത്ത് വയനാട് ഡിവിഷന്റെ സ്റ്റേറ്റ്മെന്റ് ഓഫ് അരിയേഴ്സിൽ ഉൾപ്പെടുത്തിയതായും കോഴിക്കോട് റീജിയണൽ നോർത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിരിക്കുന്നു. തുടർന്ന് വീഴ്ച വരുത്തിയ ലേലക്കാരനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ വേണ്ടി വയനാട് ജില്ലാ കളക്ടർ മുഖേന തൃശ്ശൂർ ജില്ലാ കളക്ടർക്ക് എഴുതിയെങ്കിലും തൃശ്ശൂർ ജില്ലയിലെങ്ങും ടിയാന് സ്ഥാവര ജംഗമ

സ്വത്തുക്കളില്ലെന്നും ടിയാൻ നേരത്തേ ഒടുക്കിയ 5,000/-രൂപ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയുണ്ടായി എന്നും, മറ്റുള്ള ജില്ലകളിലും ശ്രീ.ഒ.വി.മാത്യുവിന് സ്ഥാവര ജംഗമ സ്വത്തുക്കളില്ല എന്ന് അതാത് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ മേൽ തുക എഴുതിത്തള്ളണമെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) കോഴിക്കോട് പരാമർശ കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

2) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഒ.വി.മാത്യുവിന്റെ നഷ്ടോത്തരവാദിത്വത്തിൽ 16.07.1982, 08.12.1982 എന്നീ തീയതികളിൽ നടന്ന പുനർലേലങ്ങൾ വഴിയുണ്ടായ സർക്കാർ നഷ്ടമായ 16,016/- രൂപ (പതിനാറായിരത്തി പതിനാറ് രൂപ മാത്രം) എഴുതിത്തള്ളി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ഗിരിജ കുമാരി.ജി**
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (റീജിയണൽ നോർത്ത്), കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്) കേരള, തിരുവനന്തപുരം.
വെബ്ബ് ആന്റ് ന്യൂ മീഡിയ
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

K Beena

സെക്ഷൻ ഓഫീസർ